പതിമൂന്നാം കേരള നിയമസഭ

പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : 82

11/03/2015 -ൽ മറുപടിയ്ക്കു്

## ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണം – നിയമ നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ<br>ശ്രീ. ജി. സുധാകരൻ<br>ശ്രീ. വി. ശിവൻകുട്ടി<br>ശ്രീ. ബി. സത്യൻ | | ശ്രീ. വി.എസ്. ശിവകുമാർ,<br>ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പു മന്ത്രി. | |
| എ) | ശ്രീ പത്മനാഭ സ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്ര ഭരണ മാതൃകയിൽ നടത്താൻ വേണ്ട നിയമ നിർമ്മാണം നടത്തുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; | എ) | ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണം ഗുരുവായൂർ ക്ഷേത്ര ഭരണത്തിന്റെ മാതൃകയിൽ നടപ്പിലാക്കാവുന്നതാണെന്നും ഇതിനായി നിയമ നിർമ്മാണം നടത്താമെന്നും സർക്കാർ ബഹു. സുപ്രീം കോടതിയിൽ സത്യവാങ്മൂലം നൽകിയിട്ടുണ്ട്. |
| ബി) | ക്ഷേത്രത്തിലെ പൊതുമുതൽ നഷ്ടപ്പെടുത്താനിടയായെന്ന റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിൽ ഇതിനെ കുറിച്ച് അന്വേഷിച്ച് പൊതുമുതൽ വീണ്ടെടുക്കാനും കുറ്റക്കാർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കാനും തയ്യാറാകുമോ? | ബി) | ആരാധനാലയങ്ങളിലെ സ്വത്തുക്കൾ പൊതുമുതലായി കണക്കാക്കിയിട്ടില്ല. ശ്രീ പത്മനാഭസ്വാമി ക്ഷേത്ര ഭരണ കാര്യങ്ങളെപ്പറ്റി പഠിച്ച് റിപ്പോർട്ട് നൽകുവാൻ ബഹു. സുപ്രീം കോടതി നിയോഗിച്ചിരുന്ന അമിക്കസ്ക്യൂറി ചില അന്വേഷണങ്ങൾ നടത്തിയതായി അദ്ദേഹത്തിന്റെ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുണ്ട്. പ്രസ്തുത റിപ്പോർട്ട് സുപ്രീം കോടതിയുടെ പരിഗണനയിലാണ്. റിപ്പോർട്ടിന്മേൽ കോടതി നിർദ്ദേശമനുസരിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്. അതുകൊണ്ടുതന്നെ ഇക്കാര്യത്തിൽ സർക്കാർ തലത്തിൽ അന്വേഷണം നടത്തിയിട്ടില്ല. |

സെക്ഷൻ ഓഫീസർ